# ജാമക്കാരൻ
# JAMAKKARAN


VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 1

JANUARY - 2024 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333


കർത്താവിൽ പ്രിയരെ,



നിങ്ങൾ എല്ലാവർക്കും ഞങ്ങളുടെ പുതുവർഷ ആശംസകൾ. കഴിഞ്ഞ വർഷം നടന്ന എല്ലാ യോഗങ്ങളെയും ദൈവം കൃപയായി അനുഗ്രഹിച്ചു പഴയതുപോലെ എല്ലാ ആഴ്ചയും കൺവെൻഷൻ തീയതി കൊടുത്തു പൊയ്ക്കൊണ്ടിരിക്കുന്നു. കന്യാകുമാരി മുതൽ വടക്കേ ഇന്ത്യ വരെ കർത്താവ് എന്നെ കൃപയായി ആയുസ്സും ആരോഗ്യവും തന്നു ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന എല്ലാ വായനക്കാരേയും ഞാൻ അറിയുന്നു. എന്റെ പേര് എഴുതി ബൈബിളിൽ വച്ച് എനിക്കു വേണ്ടി പ്രാർത്ഥിക്കുന്ന വിശ്വാസികളെ നേരിട്ടുകണ്ട് എന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്നറിഞ്ഞ് എനിക്ക് ഒരു ബലം കിട്ടിക്കൊണ്ടിരിക്കുന്നു. എന്റെ ഓട്ടം ഞാൻ ഓടിക്കൊണ്ടിരിക്കുന്നു. വീഴാതവണ്ണം ഈ 54 വർഷം ദൈവവേലയിൽ എതുവിധത്തിലുള്ള കുറ്റാരോപണവും എന്റെ മേൽ ഉണ്ടാകാത്തവിധത്തിലുള്ള ജീവിതത്തിലും എനിക്ക് സംരക്ഷണയായി എന്റെ പരിശുദ്ധാത്മാവ് എന്നോടുകൂടെ ഉള്ളതുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു. എന്റെ അവസാനം ദൈവത്തിന്റെ ഉള്ളം കൈയിൽ വരച്ചുവെച്ചിരിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കണം ഞാനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

ഡോ. പുഷ്പരാജ്

ജാമക്കാരൻ JAMAKKARAN

# JANUARY - 2024

# ആത്മീയ ക്രൈസ്തവർ
V/s
# മറ്റു മതങ്ങളിലുള്ളവർ

ആത്മീക ക്രൈസ്തവർ മറ്റു മതക്കാരോട് എങ്ങനെ ഇടപെടണം, എത്രമാത്രം അടുത്തിടപെടാം എന്നിങ്ങനെയുള്ള വിഷയങ്ങൾ വായനക്കാർ അറിയുന്നതിനു വേണ്ടിയാണ് ഇത് ഇപ്പോൾ എഴുതുന്നത്.

ഇത് എഴുതാൻ കാരണം ഇപ്പോഴുള്ള നവീന ഉപദേശനയശാലികൾ പദ്ധതിയിട്ടു. സഭയ്ക്കുള്ളിൽ നുഴഞ്ഞു തങ്ങളുടെ ആകർഷകമായ ഉപദേശങ്ങളാൽ സഭയെ കുഴപ്പിച്ചിരിക്കുന്നു. ഇതിനെ ചില ബിഷപ്പുമാർ പരസ്യമായി അനുകൂലിച്ചും ഉപദേശം പ്രവൃത്തി പഥത്തിൽ കൊണ്ടുവരാനും പ്രവൃത്തിച്ചുകഴിഞ്ഞു. ഇതിൽ നിന്നും ഒരു ചെറിയ കൂട്ടം ജനങ്ങളെ എങ്കിലും തട്ടിഉണർത്തി അവർക്കിതു മനസിലാക്കി കൊടുത്തു അവരെ രക്ഷിക്കാൻ വേണ്ടിയാണിതെഴുതുന്നത്.

കർത്താവു ഈ ലോകത്തിലുള്ള എല്ലാവരെയും സ്നേഹിക്കുന്നു. ലോകജനങ്ങളെ പാപത്തിൽ നിന്നു രക്ഷിച്ചു പരിശുദ്ധസ്ഥലമായ സ്വർഗ്ഗത്തിൽ തന്നോടൊപ്പം എന്നെന്നും ജീവിക്കുന്നതിനുള്ള വലിയ പദ്ധതിയോടുകൂടി തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ ലോകത്തിലേക്കയച്ചു. ജനങ്ങളുടെ പാപങ്ങൾക്കായി ക്രൂശുമരണം അനുഭവിച്ചു രക്തം ചിന്താൻ ഏർപ്പാടുചെയ്തു. **രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല** (എബ്രാ: 9:22) (**രക്തം ചിന്താതെ പാപമോചനമില്ല** – കത്തോലിക്കാ വേദപുസ്തകം) എന്നുള്ള ന്യായപ്രമാണത്തിന്റെ പദ്ധതി അനുസരിച്ചു യേശുക്രിസ്തു എല്ലാവർക്കായും പാടുകൾ അനുഭവിച്ചു രക്തം ചിന്തി–മരിച്ചു– ഉയിർത്തെഴുന്നേറ്റു ഇപ്പോഴും നമ്മോടുകൂടെ ജീവനോടിരിക്കുന്നു. ഇതു വിശ്വസിച്ചാൽ ഇനി പാപത്തോടുകൂടി ആരും മരിക്കേണ്ട ആവശ്യമില്ല – ഇതാണു സുവിശേഷം.

ഇതാണു സുവിശേഷം. ഇനി ജനങ്ങൾ പാപത്തോടുകൂടി മരിക്കേണ്ട ആവശ്യമില്ല. ആരെല്ലാം യേശുക്രിസ്തുവിനെ വിശ്വസിച്ചു സ്വീകരിക്കുന്നോ അത്രയും പേർക്കു പാപക്ഷേമ ലഭിക്കും എന്നു തീർച്ച.

യേശുക്രിസ്തു ക്രൈസ്തവർക്കായി മാത്രം വന്നതല്ല, ലോകത്തിലുള്ള സകല ജനതയ്ക്കായും വന്നു. അവൻ ക്രൂശിൽ കഷ്ടം സഹിച്ചു മരണത്തെ രുചിച്ചു നോക്കിയതു ഈ ലോകത്തിലുള്ള എല്ലാവർക്കും വേണ്ടി ആകുന്നു. ഓരോരുത്തർക്കായും അവൻ ക്രൂശിലെ കഷ്ടം അനുഭവിച്ചു മരണം ആസ്വദിച്ചു (എബ്രാ: 2:9) എന്നു വേദപുസ്തകം പറയുന്നു.

എല്ലാ മതക്കാരെയും എല്ലാ ജാതിക്കാരെയും എല്ലാ ദേശങ്ങളിൽ ഉള്ളവരെയും എല്ലാ ഭാഷക്കാരെയും എല്ലാ നിറത്തിലുള്ളവരെയും യേശു സ്നേഹിക്കുന്നു.

**ഭൂലോകത്തിൽ എങ്ങും കുടിയിരിക്കാൻ അവൻ ഒരുത്തനിൽ നിന്നു** (ഒരേ രക്തത്തിൽ നിന്നു - തമിഴ് & ഇംഗ്ലീഷ് വേദപുസ്തകം) **മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി**. (അ: പ്ര: 17:26).

(ഭൂമിയുടെ മുഴുവൻ വ്യാപിച്ചു വസിക്കാൻ വേണ്ടി അവിടന്നു ഒരുവനിൽ നിന്നു എല്ലാ ജനപദങ്ങളെയും സൃഷ്ടിച്ചു. കത്തോലിക്കാ വേദപുസ്തകം) എന്നു വേദപുസ്തകം പറയുന്നു **[And hath made of one blood all nations of men K.J.V.)** അതുകൊണ്ടു എല്ലാ ജനങ്ങളെയും അവൻ ഒരുപോലെ സ്നേഹിക്കുന്നു.

**അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലം തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നവനല്ലോ** എന്നും വേദപുസ്തകം പറയുന്നു. (മത്തായി 5:45).

കർത്താവിന്റെ കല്പനയനുസരിച്ചും അവന്റെ പദ്ധതിയനുസരിച്ചും ഒരുത്തൻ യേശുവിനെ സ്വീകരിച്ചു പാപം കഴുകപ്പെട്ടു മാനസാന്തര അനുഭവം പ്രാപിച്ചുവോ അവൻ ഒരു പുതിയ സൃഷ്ടി ആയിത്തീരുന്നു. പഴയവ കഴിഞ്ഞുപോയി എന്നു വേദപുസ്തകം പറയുന്നു. പാപം കഴുകപ്പെട്ട ഒരു

ക്രൈസ്തവൻ ഏതു മതത്തിൽ നിന്നു വന്നവനായാലും അവൻ ഇപ്പോൾ പിരിച്ചെടുക്കപ്പെട്ടവനായിത്തീരുന്നു. വേർപിരിക്കപ്പെട്ടവരിൽ കൊലോസ്സ്യർ 3:11 –ൽ പറയപ്പെട്ടവണ്ണം

**"യഹൂദനും യവനനും എന്നില്ല, പരിഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല; ക്രിസ്തുവത്രെ എല്ലാവരിലും എല്ലാം ആകുന്നു".**

എന്നാൽ,

ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുമ്പുണ്ടായിരുന്ന ജീവിതത്തിൽ കർത്താവു വെറുക്കുന്ന പ്രവർത്തികളെല്ലാം ഉപേക്ഷിക്കണം എന്നു കൊലോ: 3:8–ൽ ഉപദേശിക്കുന്നു. ഉപേക്ഷിക്കേണ്ട വിഷയങ്ങളിൽ ഒന്നു വിഗ്രഹാരാധന. കൊളോ: 3:7, 5–ൽ ഉപേക്ഷിക്കണം എന്നു ദൈവം സൂചിപ്പിക്കുന്ന കാര്യം തുടർന്നു ചെയ്താൽ അങ്ങനെ ഉള്ളവരായ അനുസരണം കെട്ടവരുടെമേൽ ദൈവകോപം വരുന്നു എന്നു കൊലോ: 3:6–ൽ നമുക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നു.

## വേർപിരിക്കപ്പെട്ടവർ.

ക്രിസ്തുവിനെ സ്വീകരിച്ചവരെ വേർപിരിക്കപ്പെട്ടർ എന്നു വേദപുസ്തകം വിളിക്കുന്നു. ഇതിന്റെ അർത്ഥം നാം മറ്റുള്ളവരെ വിട്ടുപിരിഞ്ഞു തനിച്ചു ജീവിക്കണമെന്നല്ല.

നാം ഈ ലോകത്തിൽ ജീവിക്കാൻ വേണ്ടി ജനിച്ചിരിക്കുന്നു. മറ്റു മതക്കാരുടെ മധ്യത്തിൽ അല്ലെങ്കിൽ യേശുവിനെ സ്വീകരിക്കാത്ത കുടുംബത്തിനുള്ളിൽ ഉള്ള മറ്റുള്ളവരോടൊപ്പം തന്നെ നാം ജീവിക്കേണ്ടിയിയിരിക്കുന്നു. എന്നാൽ അതേസമയം അവരിൽ നിന്നും വ്യത്യസ്ഥമായി ജീവിക്കണം എന്നു നമ്മുടെ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

ഞാൻ ഭിന്നിപ്പിക്കാനാണു (ഭേദിപ്പുണ്ടാക്കാൻ) വന്നതെന്നു യേശു പറഞ്ഞതായി മത്തായി 10:35 –ൽ നാം വായിക്കുന്നു.

എങ്ങനെ എന്നുവച്ചാൽ
മകനും അപ്പനും
മകൾക്കും അമ്മക്കും
മരുമകൾക്കും അമ്മാവിയമ്മക്കും

ഭേദിപ്പു (ഭിന്നിപ്പു)ണ്ടാക്കാൻ ഞാൻ വന്നു എന്ന് യേശു പറഞ്ഞു. അതായത് ഒരു വീട്ടിൽ അല്ലെങ്കിൽ ഒരു സ്ഥലത്തു ഒരാൾ യേശുവിനെ സ്വീകരിച്ചാൽ അവൻ(ൾ) മറ്റുള്ളവരെക്കാൾ വ്യത്യാസമായി ജീവിക്കണം. വീട്ടിൽ എല്ലാവരും ടി.വിയിൽ സിനിമ കണ്ടുകൊണ്ടിരിക്കും. എന്നാൽ യേശുവിനെ സ്വീകരിച്ചവനോ അപ്രകാരം സമയം നഷ്ടപ്പെടുത്തുന്നതിൽ ആഗ്രഹം ഇല്ലാത്തവനായിരിക്കും. വീട്ടിൽ ഉള്ളവരോ സുഹൃത്തുക്കളോ ആത്മാവിനു പ്രയോജനമില്ലാത്ത കഥപുസ്തകം വായിച്ചുകൊണ്ടിരിക്കും എന്നാൽ യേശുവിനെ സ്വീകരിച്ചവനോ ആത്മീയ പുസ്തകങ്ങൾ വായിക്കുന്നതിലും ആത്മീയ പ്രസംഗം കേൾക്കുന്നതിലും ആഗ്രഹിച്ചു ഇപ്രകാരമുള്ള കാര്യങ്ങളിൽ സമയം ചെലവിടുന്നതിൽ വളരെ ആഗ്രഹമുള്ളവനായിരിക്കും.

ഇതാണു യേശു സൂചിപ്പിച്ച ഭിന്നിപ്പു (ഭേദിപ്പു) ഇതു വീടുവിട്ടുള്ള ഭിന്നിപ്പല്ല, മറ്റു മതത്തിലുള്ളവരെ പിരിഞ്ഞുള്ള ജീവിതവും അല്ല. എന്നാൽ അവരുടെ മധ്യത്തിൽ ജീവിച്ചുകൊണ്ടുതന്നെ, ജീവിതത്തിൽ വ്യതസ്തമായ സാക്ഷിയോടെ ജീവിക്കുന്നതിനെയാണു ഭിന്നിപ്പു (ഭേദിപ്പു) എന്നു യേശു സൂചിപ്പിക്കുന്നത്.

വീട്ടിനുള്ളിൽത്തന്നെ ഭിന്നിപ്പു. യേശുവിനെ സ്വീകരിക്കാത്ത അപ്പൻ, അമ്മ, അമ്മായിയമ്മ ഇവരിൽ നിന്നു പിരിഞ്ഞുപോകാതെ തന്നെ, അതേസമയം അതേ വീട്ടിനുള്ളിൽ ഇരുന്നുകൊണ്ടുതന്നെ വളരെ വ്യത്യസ്ഥമായി ആത്മീകജീവിതം ജീവിച്ചുകാണിക്കുന്നത്. അതാണ് വീട്ടിനുള്ളിൽ യേശു സൂചിപ്പിക്കുന്ന ഭിന്നിച്ചു (ഭേദിച്ചു). ഒരു സഹോദരി, ഹൈന്ദവമതത്തിൽ നിന്നു യേശുവിനെ സ്വീകരിച്ചു. ഇപ്പോൾ അവൾ ഒരു ക്രൈസ്തവ വിശ്വാസി. എന്നാൽ അവളുടെ മാതാപിതാക്കൾ അവളെ ഹൈന്ദവമതത്തിലുള്ള ഒരാളിനു വിവാഹം കഴിച്ചുകൊടുത്തു. അവൾ

പുതിയ ജീവിതം തുടങ്ങുന്ന ആദ്യദിവസം തന്നെ താൻ യേശുവിനെ ഏറ്റുകൊണ്ടു യേശുവിന്റെ മകളായി ജീവിക്കുന്നതു ഭർത്താവിനോടു പറഞ്ഞു. വീട്ടു വിഗ്രഹപൂജയിൽ സംബന്ധിക്കാൻ തന്നെ നിർബന്ധിക്കരുതെന്നു ഭർത്താവിനോടു കേണപേക്ഷിച്ചു. കാലതാമസം വരുത്താതെ അടുത്ത ദിവസം അമ്മായി അമ്മയോടും വീട്ടിൽ മറ്റുള്ളവരോടും താൻ യേശുവിനെ സ്നേഹിക്കുന്നതിനെക്കുറിച്ച് അവൾ പരസ്യമായി പറഞ്ഞു. വലിയ ഭൂകമ്പം ഉണ്ടാകുമെന്നവൾ പ്രതീക്ഷിച്ചു. എന്നാൽ ചെറിയ കോപ വർത്തമാനത്തോടുകൂടെ ആ പ്രശ്നത്തിനു അവസാനമായി. എന്നാൽ പുറത്തു ക്രൈസ്തവ സഭാ ആരാധനക്കു പോകാൻ മാത്രം അവൾക്കു അനുവാദം നൽകിയില്ല. ആ വിടുതലിനായി ഇപ്പോഴും ആ സഹോദരി ആകാംക്ഷയോടെ കാത്തിരിക്കുന്നു. രണ്ടു മക്കളെ പ്രസവിച്ച ശേഷവും സ്വതന്ത്രമായി ആരാധനയിൽ സംബന്ധിക്കാൻ അനുവാദമില്ല. എന്നാൽ അതേ വീട്ടിൽ അവൾ യേശുവിന്റെ മകളായി ജീവിച്ചുകൊണ്ടിരിക്കുന്നു. വീട്ടിലെ വിശേഷദിവസങ്ങൾ, ആഘോഷങ്ങൾ, വിഗ്രഹപൂജ മുതലായ യാതൊന്നിലും സംബന്ധിക്കാതെയും എന്നാൽ അതേസമയം വീട്ടിലുള്ളവർക്കു ചെയ്യേണ്ടതായ കടമകളിൽ ഒന്നിലും ആരും കുറ്റം പറയാതവണ്ണം അവൾ ചെയ്തുകൊണ്ടിരിക്കുന്നു.

ഓരോ കുടുംബത്തിലും വ്യത്യസ്തമായ സാഹചര്യമാണുള്ളത്. എന്നാലും വാസ്തവമായി യേശുവിനെ സ്നേഹിക്കുന്നവർ എവിടെയായിരുന്നാലും മറ്റുള്ളവരോടു കൂട്ടുചേരാതെ മറ്റുള്ളവരിൽ നിന്നു ഭിന്നിച്ചു (വേർപെട്ടു) ജീവിക്കാൻ സാധിക്കും.

ഞാൻ നേരത്തെ ജോലി ചെയ്തിരുന്ന പ്രൈവറ്റ് ആശുപത്രിയിൽ എല്ലാവർക്കും എന്നെപ്പറ്റി അറിയാമായിരുന്നു. ഓരോ വെള്ളിയാഴ്ചയും വൈകുന്നേരവും അവിടെ വിഗ്രഹപൂജ നടക്കുമായിരുന്നു. വിഗ്രഹപടത്തിൽ മാലയിട്ട് കർപ്പൂരം കൊളുത്തി പൂജ ചെയ്യുമായിരുന്നു. ഞാനും അവിടെ ആശുപ്രതിയിൽ ഉണ്ടായിരിക്കും. എന്നാൽ കർപ്പൂരം കത്തിച്ച തട്ടു എന്റെ അടുത്തു കാണിക്കയില്ല. അങ്ങനെതന്നെ എല്ലാ ഹൈന്ദവ ആഘോഷങ്ങളിലും പൂജ ചെയ്യും.

പൂജ തീർന്നാൽ പൊരികടല, തേങ്ങ, വാഴപ്പഴം ഇവകൾ ആശുപത്രിയിൽ ഉള്ളവർക്കെല്ലാവർക്കും ഇലയിൽ വച്ചു കൊടുക്കും. എന്നാൽ എന്റെ മേശപ്പുറത്തു മാത്രം വയ്ക്കുകയില്ല.

ചില സമയം പൊരികടലയും പഴവും മാത്രം കൊണ്ടുവന്നു എന്റെ മുമ്പിൽ വച്ചശേഷം ഇതു പൂജയ്ക്കു വയ്ക്കുന്നതിനു മുമ്പു താങ്കൾക്കായി മാറ്റി എടുത്തു വച്ചതെന്നവർ പറയും.

ഇപ്രകാരമുള്ള സാഹചര്യത്തിൽ ആരംഭത്തിൽ തന്നെ നമ്മുടെ വേദപുസ്തകം നമ്മെ മുന്നറിയിക്കുന്നതു മറ്റുള്ള മതക്കാർക്കു വിനയത്തോടെ വിശദീകരിച്ചു കൊടുക്കണം.

ഈ വിഷയങ്ങളെക്കുറിച്ചു അവർക്കു വിവരിച്ചു കൊടുക്കുമ്പോൾ മറ്റു മതക്കാരുടെ ദൈവങ്ങളെപ്പറ്റി താഴ്ത്തിയോ അവരുടെ മനസു വ്രണപ്പെടുത്തത്തക്കവണ്ണമോ പറയാതെ പ്രാർത്ഥനയോടെ അതേസമയം ജ്ഞാനത്തോടെ വിശദീകരിച്ചുകൊടുക്കണം.

ആദിമസഭാ വിശ്വാസികളെക്കുറിച്ചും ദൈവ വേലക്കാരെക്കുറിച്ചും അന്നുള്ള സാക്ഷി ശ്രദ്ധിപ്പിൻ അ. പ്ര. : 19:37 (ഇവർ) നമ്മുടെ ദേവിയെ ദുഷിക്കുന്നവരല്ല എന്നു ഇവരെപ്പറ്റി പറഞ്ഞതായി എഴുതപ്പെട്ടിരിക്കുന്നു.

അതുകൊണ്ടു മറ്റു മതക്കാരോടു നമ്മുടെ ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നതു വചന അടിസ്ഥാനത്തിൽ എടുത്തു കാണിക്കണം.

1 കൊരി: 8:4 മുതൽ 11 വരെ

വിഗ്രഹാർപ്പിതങ്ങളെ തിന്നുന്നതിനെക്കുറിച്ചോ, ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു. പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ടു എന്നു പറയുന്നുവല്ലോ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏകദൈവമേ നമുക്കുള്ളൂ. അവൻ സകലത്തിനും കാരണഭൂതനും നാം അവന്നായി ജീവിക്കേണ്ടതു ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്. അവൻ മുഖാന്തിരം സകലവും അവൻ മുഖാന്തിരം നാമും ആകുന്നു.

എന്നാൽ എല്ലാവരിലും ഈ അറിവില്ല. ചിലർ ഇന്നുവരെ വിഗ്രഹപരിചയം ഹേതുവായി വിഗ്രഹാർപ്പിതം എന്നുവച്ചു തിന്നുന്നു. അവരുടെ മനസാക്ഷി ബലഹീനമാകയാൽ മിലനമായിത്തീരുന്നു..... അറിവുള്ളവനായ നീ ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നതു ഒരുത്തൻ കണ്ടാൽ ബലഹീനനെങ്കിൽ അവൻ മനഃസാക്ഷി വിഗ്രഹാർപ്പങ്ങളെ തിന്നുവാൻ തക്കവണ്ണം ഉറക്കെയില്ലയോ? ആ ബലഹീന സഹോദരൻ ഇങ്ങനെ നിന്റെ അറിവിനാൽ നശിച്ചുപോകുന്നു. അവനായും ക്രിസ്തു മരിച്ചല്ലോ.

മുകളിൽ മുകളിൽ പറഞ്ഞവണ്ണം നമ്മുടെ വേദപുസ്തകം വിഗ്രഹാരാധന വിഷയത്തിലും വിഗ്രഹാർപ്പിതം ഭക്ഷിക്കുന്ന വിഷയത്തിലും നമ്മെ ഉപദേശിക്കുന്നു. ഈ വിഷയത്തെ മറ്റു മതക്കാർക്കു എടുത്തുകാണിച്ചു. ഇക്കാരണത്താൽ ഈ വിഷയത്തിൽ ഞങ്ങളെ നിർബന്ധിക്കരുതെന്നു ആവശ്യപ്പെടാമല്ലോ.

മദ്രാസ് സി.എസ്.ഐ. ബിഷപ്പ് അസറിയ അവർകൾ 4–3–93–ൽ മേൽ മരുവത്തൂരിൽ ബംഗാരു അടികളാർ അവർകളുടെ ആദിപരാശക്തി കോവിലിൽ ശ്രീകോവിലിൽ പോയി മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു എന്നു എല്ലാ ദിനപത്രങ്ങളിലും പ്രസിദ്ധീകരിച്ചറിഞ്ഞു ധാരാളം ക്രൈസ്തവർ ഞെട്ടിപ്പോയി.

“അന്യദൈവം നിനക്കുണ്ടാകരുത്. യാതൊരു അന്യദൈവത്തെയും നീ നമസ്കരിക്കരുത്” (സങ്കീ: 81:9).

ഈ ദൈവീക കല്പനയെ മദ്രാസ് സി.എസ്.ഐ. ബിഷപ്പ് അസറിയ അവർകൾ ലംഘിച്ചു.

ബാംഗ്ലൂർ യുണൈറ്റഡ് (തിയോളജിക്കൽ സെമിനാരി) വൈദിക കോളേജിൽ സഭാപുരോഹിതന്മാരും സെമിനാരി വിദ്യാർത്ഥികളും ചേർന്നു ഹൈന്ദവ ആഘോഷം നടത്തിയതും അതിനായി വിശേഷ ആരാധനാക്രമം അച്ചടിച്ചു സഭയിൽ തന്നെ ഹൈന്ദവ ആഘോഷ ആരാധന നടത്തിയതും,

= തിരുവനന്തപുരത്തുള്ള ഒരാരാധനയിൽ ആശീർവാദഅതിനു പകരം ‘ഓം’ പറഞ്ഞതും,

= ദക്ഷിണ കേരള മഹായിടവക (സി.എസ്.ഐ. ബിഷപ്പ് സാമുവൽ അമൃതം അവർ ഓണാഘോഷം നടത്തിയതും ഡയോസിസിന്റെ ആഘോഷത്തിൽ ഗീത വായിപ്പിച്ചതും ഹൈന്ദവ മതദൈവങ്ങൾക്കും അത്ഭുതം ചെയ്യുന്ന ശക്തി ഉണ്ടെന്നു വിളംബരപ്പെടുത്തിയതും,

= മദ്രാസിലെ പ്രബലനായ ദൈവവേലക്കാരിൽ ഒരാൾ യേശു എന്ന പേരു എടുത്തിട്ട് ഇറൈവൻ (ദൈവം) എന്നു എഴുതിയതും സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ അദ്ദേഹത്തിന്റെ വീഡിയോ പരസ്യങ്ങളിൽ യേശു എന്ന വാക്കു ഉപയോഗിക്കാതെ ഇറൈവൻ (ദൈവം) എന്ന വാക്കു മാത്രം ഉപയോഗിച്ചതും,

= W.C.C എന്ന അഖിലലോക സഭാകൗൺസിലിൽ മറ്റു മതങ്ങളുടെ ചടങ്ങുകളെ നിറവേറ്റി അതിൽ എല്ലാ ബിഷപ്പുമാരെയും പങ്കെടുപ്പിച്ചതും,

= ഒരു ക്രൈസ്തവ പണ്ഡിതനും പുരോഹിതനുമായ ഒരാൾ മരിച്ചുപോയ ആത്മാക്കളോടു സംസാരിച്ചതും, മരിച്ചുപോയ ആത്മാക്കളെ എഴുന്നേല്പിക്കുന്നു എന്നു പറഞ്ഞതും,

= പാളയം കോട്ടയിൽ നടന്ന നമ്മുടെ സി.എസ്.ഐ. ആരാധനയിൽ എല്ലാ ദൈവങ്ങളും ഒന്നാണെന്ന അർത്ഥമുള്ള ഭാഗം ആരാധനക്രമത്തിൽ അച്ചടിച്ചു ചേർത്തു ആരാധിച്ചതുമായ ഇത്രയും സംഭവങ്ങൾ അന്തിക്രിസ്തു (പിശാച്) ചെയ്ത വളരെ വലിയ ഒരു പദ്ധതിയുടെ ഭാഗമാണ്.

**"ഞാൻ യഹോവ അതുതന്നെ എന്റെ നാമം. ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല"** (യെശ. 42:8).

നമ്മുടെ കർത്താവു ഇത്ര വൈരാഗ്യത്തോടെ തന്നെപ്പറ്റി പറഞ്ഞിരിക്കുമ്പോൾ പിശാചു. യേശുവിനുമാത്രം മഹത്വം എന്നുള്ള വേദപുസ്തക പദ്ധതിയെ മാറ്റി മറ്റെല്ലാ ദൈവങ്ങളെപ്പോലെ ക്രിസ്തുവും ഒരാൾ എന്ന ചിന്ത ജനങ്ങളിൽ ഉണ്ടാക്കുന്ന പദ്ധതി പിശാച് ഉണ്ടാക്കിയിരിക്കുന്നു. ആ പദ്ധതികളെ പ്രയോജനപ്പെടുത്താൻ സഭാനേതാക്കളെയും ദൈവവേലക്കാരെയും അവൻ (പിശാച്) ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

ഈ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് മദ്രാസ് സി.എസ്.ഐ. ബിഷപ്പ് അസറിയ അവർകൾ ആദിപരാശക്തി വിഗ്രഹത്തിന്റെ ശ്രീകോവിലിൽ ചെന്ന് മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചത്. തന്റെ ഡയോസിസ് ജനങ്ങളും അച്ചന്മാരും എല്ലാം തന്നെ പിന്തുടരണം എന്നതിനായി ഇതു രഹസ്യ മുൻമാതൃകയാണ്. ഇപ്രകാരമുള്ള വിഗ്രഹ ആരാധനക്കു സഭാജനങ്ങളോ അച്ചൻമാരോ തങ്ങളുടെ എതിർപ്പു കാണിക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അതുമൂലമുള്ള ആ പത്തു ഡയോസിസിലെ ജനങ്ങളെ എല്ലാം ബാധിക്കും. ബിഷപ്പു മുഖാന്തിരം അനുഭവിച്ചുവരുന്ന ലൗകീക നന്മകൾ മാത്രം മതി എന്നു തൃപ്തിയുള്ള ക്രൈസ്തവർ വചനത്തിനു വിരോധമായി ഇന്നു നടന്നുവരുന്ന ഇപ്രകാരമുള്ള പ്രവർത്തനങ്ങളെ അവർ കാര്യമാക്കുന്നില്ല. അതിന്റെ ഗൗരവവും അവർ മനസ്സിലാക്കാൻ ഇഷ്ടപ്പെടുന്നില്ല.

കുരക്കുന്ന പട്ടിക്കു എല്ലിൻകഷണം എറിഞ്ഞു കൊടുത്താൽ അതു കുരയ്ക്കുന്നതു നിർത്തിയിട്ടു എല്ലിൻ കഷണം എടുത്തുകൊണ്ടു ഓടും. അതേസമയം നല്ലവണ്ണം പരിശീലനം നൽകിയ നല്ല പട്ടികൾക്കു മുന്നിൽ ഏതു എല്ലെടുത്തിട്ടാലും ആ പട്ടി എല്ലിനടുത്തുപോലും പോവുകയില്ല. തന്റെ യജമാനൻ മുഖാന്തിരം ലഭിക്കാത്ത യാതൊരു ആഹാരവും അതു ഭക്ഷിക്കുകയില്ല. അതുമാത്രവുമല്ല ആ എല്ല് കൊടുത്തു തന്നെ മയക്കാൻ ശ്രമിച്ച കള്ളനെ ഓടിച്ചു ഓടിച്ചു കൊണ്ടുപോകും.

ഇന്നു സഭകളിൽ ആത്മീയ ആഹാരത്തെക്കാൾ ലോകപ്രകാരമുള്ള ആദായങ്ങളിലും നന്മകളിലും സഭാ ജനങ്ങൾ ആഗ്രഹം പ്രകടിപ്പിക്കുന്നതുകൊണ്ടു ബിഷപ്പുമാർ മുഖാന്തിരം പല നല്ല സാമൂഹിക പദ്ധതികൾ അല്ലെങ്കിൽ നന്മകളെ പ്രാപിച്ചുകൊണ്ടു വേദപുസ്തക ഉപദേശങ്ങൾക്കു വിരോധമായി സഭയ്ക്കുള്ളിൽ എന്തു നടന്നാലും ബിഷപ്പുമാർ ഏതു വിഗ്രഹത്തിനു മുന്നിൽ വീണു നമസ്കരിച്ചാലും ഡയോസിസ് ജനങ്ങൾ കണ്ടതായി ഭാവിക്കുന്നില്ല.

ഇതു തുടരുകയാണെങ്കിൽ മദ്രാസ് ഡയോസിസിൽ ഉള്ള എല്ലാ സി.എസ്.ഐ ആലയങ്ങളിലും ആദി പരാശക്തി വിഗ്രഹം വച്ചു ആരാധിക്കപ്പെടുന്ന നില അതിവേഗത്തിൽ വന്നുചേരുമെന്നതിൽ ആശ്ചര്യപ്പെടാൻ ഒന്നുമില്ല.

എല്ലാ ദൈവളോടൊപ്പം യേശുവിനെയും ഒന്നാക്കുന്ന ഒരു വലിയ പദ്ധതി ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. അതേ സമയം ആത്മീയ വൈരാഗ്യം ഉള്ള ബിഷപ്പുമാരും തമിഴ്നാട്ടിൽ ഉണ്ടു.

മതമൈത്രി എന്നപേരിൽ ഹൈന്ദവ അമ്പല കെട്ടിട ഉദ്ഘാടന ചടങ്ങിനു തമിഴ്നാട്ടിലെ ഒരു സി.എസ്.ഐ. ബിഷപ്പിനെ ക്ഷണിച്ചിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ മറുപടി "ഹൈന്ദവ അമ്പല കെട്ടിട ഉത്ഘാടനത്തിനു എന്നെ ക്ഷണിക്കരുത്. നിങ്ങളുടെ മതത്തിൽ ഉള്ള ആരെയെങ്കിലും കൊണ്ടു അക്കാര്യം നിറവേറ്റുവിൻ. മതമൈത്രി കൂട്ടത്തിനു ബിഷപ്പ് എന്ന നിലയിൽ ഞാൻ വരാം. എന്നാൽ മതമൈത്രിക്കൂട്ടം ഒരു പൊതു സ്ഥലത്തു അതായതു ആലയത്തിലോ കോവിലിലോ അല്ലെങ്കിൽ മുസ്ലീം പള്ളിയിലോ കൂട്ടം വയ്ക്കാതെ ഒരു പൊതുസ്ഥലത്തു വച്ചു നടത്താൻ ഏർപ്പാടുചെയ്താൽ ഞാൻ വരാം" എന്നു തീർത്തു പറഞ്ഞു. ഇൻഡ്യയിൽ മതമൈത്രി വളരെ ആവശ്യം. ഇൻഡ്യയിൽ ഇപ്പോഴുള്ള ലഹളയുടെ സാഹചര്യത്തിൽ ഇപ്രകാരമുള്ള കൂട്ടങ്ങൾ മൂലം എല്ലാ മതനേതാക്കളും ഒന്നുചേർന്നു ഇൻഡ്യാക്കാർ എന്ന രീതിയിൽ മതതീവ്രവാദത്തെ മാറ്റാൻ ശ്രമിക്കുന്നതു വളരെ നല്ലതു. പലമതങ്ങളും പല ദൈവങ്ങളും നിറഞ്ഞുള്ള നമ്മുടെ ഇൻഡ്യയിലെ നാം മതതീവ്രവാദത്തിനു അടിമകളാകാതെ എല്ലാ മതക്കാരെയും സ്നേഹിക്കണം. എന്നാൽ നിന്റെ ദൈവത്തെ ഞാൻ ആരാധിക്കാം എന്റെ ദൈവത്തെ നീയും ആരാധിക്കണം എന്നതു വളരെ വളരെ തെറ്റായ കാര്യം.

ഇങ്ങനെ ഞാൻ എഴുതുന്നതുകൊണ്ടു മറ്റു മതങ്ങളെയോ മറ്റുദൈവങ്ങളെയോ താഴ്ത്തി പറയുന്നു എന്നോ അവമാനിക്കുന്നു എന്നോ ചിന്തിക്കാൻ പാടില്ല. എന്നാൽ അതേസമയം ഞാൻ ആരാധിക്കുന്ന ദൈവമാണു സത്യദൈവം എന്നു ഞാൻ അറിയുന്നു. യേശു ജീവനുള്ളവൻ എന്നു വ്യക്തമായി ഞാൻ അറിയുന്നു. യേശുവിന്റെ മരണത്താൽ എന്റെ പാപം പരിഹരിക്കപ്പെട്ടു എന്നതും വ്യക്തമായി രുചിച്ചറിഞ്ഞിരിക്കുന്നു. ഈ അനുഭവത്തിൽ ഉള്ള എന്നെ മതമൈത്രി, സമത്വം അല്ലെങ്കിൽ മറ്റു മതദൈവങ്ങളേയും ബഹുമാനിക്കണം എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ മറ്റു ദൈവങ്ങൾക്കു മുന്നിൽ ഞാൻ മുട്ടുമടക്കി

നമസ്കരിക്കുകയാണെങ്കിൽ അതു ചതി. മറ്റു മതക്കാരുടെയും മുമ്പിൽ ഞാൻ കാണിക്കുന്ന കാപട്യമാണ്. ഇതു ഒരു ബിഷപ്പ് ചെയ്തു എന്നു പറഞ്ഞാൽ അദ്ദേഹം ഒരു കാപട്യക്കാരൻ എന്നു മാത്രമേ കരുതുവാൻ നിർവാഹമുള്ളൂ. മറ്റു മതക്കാരെ അദ്ദേഹം വഞ്ചിക്കുന്നു എന്നാണു അതിനർത്ഥം.

ഈ ബിഷപ്പ് ഇപ്രകാരം ചെയ്തത് ആ ഹൈന്ദവ അമ്പലത്തിൽ ഉള്ള ഹൈന്ദവരെ ക്രൈസ്തവരാക്കി മാറ്റാൻ വേണ്ടി ചെയ്ത ഒരു തന്ത്രമാണെന്നു ആരെങ്കിലും പറയുകയാണെങ്കിൽ ഇദ്ദേഹത്തിന്റെ തന്ത്രപരമായ പദ്ധതി പോലെ മറ്റൊരു ദൈവവേലക്കാരൻ തന്റെ പ്രസംഗത്തിൽ യേശു എന്നു ഉച്ചരിക്കാതെ ഇറൈവൻ (ദൈവം) എന്നു പൊതുവായി പറയുന്നതുകൊണ്ടു പലരും വഞ്ചിതരായി അദ്ദേഹത്തിന്റെ പ്രാർത്ഥനാഗോപുരത്തിനടുത്തു അല്ലെങ്കിൽ ഇരിപ്പിടത്തിനടുത്തു വന്നാൽ അതിനുശേഷം അവരെ യേശുവിനു അടുത്തേക്കു ശരിയായ വഴിയിൽ നടത്താൻ സാധിക്കുമല്ലോ അതുകൊണ്ടാണു യേശു എന്നു പറയാതെ പൊതുവായി ഇറൈവൻ (ദൈവം) എന്നു പറഞ്ഞതെന്നു അഭിപ്രായപ്പെടുകയാണെങ്കിൽ ഈ പ്രവർത്തനങ്ങളെല്ലാം ഇൻഡ്യയിലെ നിയമമനുസരിച്ച് ക്രിമിനൽ നടപടിയിലേക്കുള്ള വഞ്ചനാ കുറ്റമാണ്.

ഈ രീതിയിൽ ജനങ്ങളെ ആദായപ്പെടുത്തുന്ന ദൈവവേല ചെയ്യണമെന്നു യേശു പഠിപ്പിച്ചിട്ടില്ല. വേദപുസ്തകത്തിൽ ഇപ്രകാരമുള്ള വഞ്ചന ദൈവവേലയെപ്പറ്റി യാതൊരു സ്ഥലത്തും കാണാനും സാധ്യമല്ല.

സാധു ജനങ്ങളുടെ ദാരിദ്ര്യം, പിന്നോക്ക വിഭാഗങ്ങളുടെ അവശത ഇവ മനസിൽ കണ്ടുകൊണ്ടു പാൽ പൗഡർ, ഗോതമ്പ് ഇപ്രകാരമുള്ള സഹായങ്ങൾ കൊടുത്തു മയക്കി അവരെ ക്രൈസ്തവരാക്കുക എന്നതും യേശു പറഞ്ഞ ദൈവവേലയേ അല്ല. ഈ അടിസ്ഥാനത്തിൽ മതം മാറിയ ക്രൈസ്തവർ സത്യക്രിസ്ത്യാനികളായിരിക്കുകയുമില്ല.

യേശു പറഞ്ഞതെന്ത്? (Spell the Gospel) സുവിശേഷം അറിയിക്കുന്ന ജോലി മാത്രമെ ചെയ്യാൻ നമ്മോടു ആവശ്യപ്പെട്ടുള്ളൂ. ആരെയും ക്രൈസ്തവനാക്കി മാറ്റാൻ പറഞ്ഞിട്ടില്ല. ഉള്ളതിനെ ഉള്ളതെന്നും ഇല്ലാത്തതിനെ ഇല്ല എന്നും പറയാനാണു യേശു കല്പിച്ചത്.

അതുകൊണ്ടു മറ്റു മതദൈവങ്ങളെ പരസ്യമായി ആരാധിക്കുന്നതും മറ്റു മതദൈവങ്ങളെ പുകഴ്ത്തുന്നതും മതമൈത്രി ആവുകയില്ല. കടകളിൽ വ്യാപാരികൾക്കു അവരവരുടെ ചരക്കുകളെ പുകഴ്ത്തിപ്പറയാൻ അവകാശമുണ്ടു. എന്നാൽ അതേസമയം മറ്റു വ്യാപാരികളുടെ ചരക്കിനെ താഴ്ത്തി പറയാൻ അവകാശമില്ല. ഇതു നാം മനസിലാക്കണം.

മറ്റു മതക്കാരെ സ്നേഹിക്കണം. യേശുവും സ്നേഹിച്ചു. മറ്റു മതക്കാർക്കു നാം സഹായം ചെയ്യണം. യേശുവും അങ്ങനെയുള്ളവരെ സഹായിച്ചു. രോഗികളെ സൗഖ്യമാക്കി. എന്നാൽ അവരോടൊപ്പം കൂടിക്കലരാൻ വേദപുസ്തകം അനുവദിക്കുന്നില്ല. വേദപുസ്തകത്തിൽ വളരെ വലിയ ദൈവവേലക്കാരൻ അപ്പൊസ്തലൻ എന്നു പേരു സമ്പാദിച്ച വി. പൌലോസ് തന്റെ മാനസാന്തരത്തിന്റെ ആരംഭത്തിൽ നവീന ഉപദേശനയക്കാരെപ്പോലെ തനിക്കു ഒരു നേർച്ച ഉണ്ടായിരുന്നതിനാൽ കെംക്രയിൽ വച്ചു തല ക്ഷൗരം ചെയ്യിച്ചിട്ടു പ്രിസ്കില്ലയോടും അക്വിലാസിനോടും കൂടെ കപ്പൽ കയറി സുറിയയിലേക്കു പുറപ്പെട്ടു. പക്ഷെ എല്ലാ ശിഷ്യന്മാരും ഇതിനെ എതിർത്തു. വിശ്വാസികളും എതിർത്തു. എന്നാൽ അതിനുശേഷം അതു തെറ്റെന്നു പരസ്യമായി ഏറ്റുപറഞ്ഞു എന്നുള്ളതു അപ്പോസ്തല പ്രവൃത്തികളിൽ നാം കാണുന്നു.

വിശുദ്ധ പൌലൊസ് ആ തെറ്റു ചെയ്തതിന്റെ ഉദ്ദേശ്യം എന്ത്? എങ്ങനെ എങ്കിലും മറ്റു മതക്കാർ യേശുവിനെ സ്വീകരിക്കണം എന്നതിനായിരുന്നു. ആത്മാവ് ആ രീതി വളരെ വലിയ തെറ്റ് എന്നു വിശദീകരിച്ചു തടുത്തല്ലോ!

**ശലോമോൻ അവസാനം**

വേദപുസ്തകത്തിൽ ദൈവത്തിൽ നിന്നു നേരിട്ടു ആശീർവാദങ്ങളും ജ്ഞാനവും പ്രാപിച്ചവനാണു ശലോമോൻ രാജാവ്. ദൈവം അവനെ അത്യധികം സ്നേഹിച്ചു. ലോകത്തിൽ മറ്റാർക്കും ലഭിക്കാത്ത ജ്ഞാനം ദൈവം അവനു നല്കി. ശലോമോൻ രാജാവു എഴുതിയതാണു വേദപുസ്തകത്തിലെ സദൃശ്യവാക്യങ്ങൾ, ഉത്തമഗീതം, സഭാപ്രസംഗി എന്നീ പുസ്തകങ്ങൾ.

സദൃശ്യവാക്യങ്ങളിൽ എഴുതിയിട്ടുള്ള സാദൃശ്യ ആലോചനകൾ ഇന്നു ലോകമെല്ലാം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതെഴുതിയ ഈ ശലോമോൻ

രാജാവിന്റെ അന്ത്യം നോക്കുവിൻ. അവന്റെ മരണം വളരെ പരിതാപകരമായിരുന്നു. ദൈവം അവനെ വിട്ടുമാറി. ദൈവീകസാന്നിദ്ധ്യം അവനു നഷ്ടമായി. അവൻ വളരെ മോശമായ മരണത്തിനുള്ളിലായി, ഇന്നവൻ പാതാളത്തിലാണ്.

**കാരണം എന്ത്?**

കർത്താവു ഏത് വിഗ്രഹാരാധന വെറുത്തോ, വിഗ്രഹ ആരാധന നടത്തുന്ന സ്ത്രീയെ വിവാഹം ചെയ്യാൻ പാടില്ല എന്നു കല്പിച്ചല്ലോ. ആ കല്പനയെ ശലോമോൻ ലംഘിച്ചു. വിഗ്രഹാരാധന നടത്തുന്ന സ്ത്രീകളെ വിവാഹം കഴിച്ചു. ഫലം എന്തായി? ആ സ്ത്രീകൾ അവനെ ദൈവത്തിൽ നിന്നു വിട്ടകലാൻ ഇടയാക്കി എന്നു വേദപുസ്തകം പറയുന്നു.

ശലോമോൻ മറ്റുള്ളവർക്കു ആലോചന പറഞ്ഞവൻ. എന്നാൽ അവനാണെങ്കിൽ കർത്താവിന്റെ വാർത്തക്കു ഈ വിഷയത്തിൽ അനുസരണ കാണിച്ചില്ല. അന്ത്യം പാതാളത്തിലേക്കുള്ള മരണം.

= ഹൈന്ദവപെൺകുട്ടികളെയും ഹൈന്ദവപുരുഷന്മാരെയു തങ്ങളുടെ മക്കൾക്കു വിവാഹത്തിനായി ഏർപ്പാടു ചെയ്യുന്ന ക്രൈസ്തവ മാതാപിതാക്കൾക്കു ഈ സംഭവം ഒരു മുന്നറിയിപ്പായിരിക്കട്ടെ. ആ വിവാഹത്തിനുശേഷം അവരെ എങ്ങനെയെങ്കിലും സത്യക്രിസ്ത്യാനി കളായി മാറ്റും എന്നു തെറ്റായി കണക്കുകൂട്ടി നിങ്ങളുടെ ആത്മാവിനെ നഷ്ടപ്പെടുത്തരുത്. ആ രീതിയിൽ ആത്മആദായം നടത്താൻ കർത്താവു കല്പിച്ചിട്ടില്ല.

**തവള - എലിയുടെ കഥ**

തവളയും എലിയും സ്നേഹിതന്മാരായി ജീവിക്കാൻ ഉടമ്പടി ചെയ്തു. ഉടമ്പടി അനുസരിച്ചു എലി താൻ തയ്യാറാക്കിയ വിരുന്നുകഴിക്കാൻ തവളയെ ക്ഷണിച്ചു. വിരുന്നു കഴിഞ്ഞ ഉടൻ തവള താൻ തയ്യാറാക്കിയ വിരുന്നിൽ സംബന്ധിക്കാൻ എലിയെ ക്ഷണിച്ചു.

തവളയുടെ വാസസ്ഥലം വെള്ളത്തിൽ ആയിരുന്നു. വെള്ളത്തിന്റെ കരയിൽ നിന്ന എലി തവളയോടു പറഞ്ഞു: "വെള്ളത്തിൽ ഇറങ്ങി എനിക്കു പരിചയമില്ല. അതുകൊണ്ടു എനിക്കു വരാൻ സാധ്യമല്ല. നമ്മുടെ സ്നേഹബന്ധത്തിന്റെ ഉടമ്പടി അനുസരിച്ചു നീ തയ്യാറാക്കിയ വിരുന്നിനു ഞാൻ വന്നു; ഇപ്പോൾ നീ ഉടമ്പടി ലംഘിക്കുന്നു എന്നു പറഞ്ഞു തവള കോപിച്ചുവത്രെ.

അവസാനം ഒഴിഞ്ഞുമാറാൻ സാധ്യമല്ലാത്ത നിലയിൽ എലി സമ്മതിച്ചു. നീന്താൻ അറിയില്ലാത്ത ഞാൻ എങ്ങനെയാണ് നിന്നോടൊപ്പം നിന്റെ വീട്ടിൽ വന്നുചേരുമെന്നായി എലി. അതിനു തവള ഇപ്രകാരം എലിയെ ഉപദേശിച്ചു. നമ്മുടെ രണ്ടുപേരുടെയും കാലുകളെ ഒരു കയറുകൊണ്ടു കെട്ടാം. എനിക്കു നിന്നെ വിടാൻ സാധ്യമല്ല നിനക്കും വെള്ളത്തിൽ അടിച്ചുപോകാൻ സാധ്യമല്ല. ഈ പദ്ധതി നല്ല പദ്ധതിയായി എലിക്കു തോന്നി, സമ്മതിച്ചു. രണ്ടുപേരുടെയും കാലുകൾ ചെറിയ കയറുകൊണ്ടു തവളയും എലിയും കെട്ടി. തവള വെള്ളത്തിൽ എടുത്തുചാടി. കയറിന്റെ മറ്റെ അറ്റത്തു കെട്ടപ്പെട്ട എലിയും വെള്ളത്തിൽ വീണു. അവസാനം എലിക്കു ശ്വാസം മുട്ടി. രക്ഷപ്പെടാൻ കഴിയാത്തവണ്ണം (ചിലരുടെ താലിപോലെ) വെള്ളത്തിൽ ചത്തു. അതേ വെള്ളത്തിൽ മുകളിൽ വന്നു.

**"ചിലപ്പോൾ ഒരു വഴി മനുഷ്യന്നു ചൊവ്വായി തോന്നും അതിന്റെ അവസാനമോ മരണവഴികൾ അത്രേ"** (സദൃ. 14:12).

**ശരിയെന്നു തോന്നുന്ന വഴി ചിലപ്പോൾ മരണത്തിലേക്കു നയിക്കുന്നതാവാം** - കത്തോലിക്കാ വേദപുസ്തകം.

സൂചിപ്പച്ച ഈ മദ്രാസ് ബിഷപ്പ് സത്യമായി യേശുവിനെ വചനാനുസൃതം അറിഞ്ഞിരുന്നെങ്കിൽ അല്ലെങ്കിൽ രുചിച്ചിരുന്നെങ്കിൽ മറ്റു ദൈവങ്ങളുടെ മുമ്പിൽ കൈകൂപ്പി ആരാധിക്കാൻ മനസുവരുമോ? മറ്റുദൈവങ്ങളും യേശുവും ഒന്നുതന്നെ എന്നുപറയുമോ?

അക്കാലത്തു എന്റെ അപ്പനെ പാടുന്ന വായ് കൊണ്ടു ഈ ചുപ്പനെ പാടുമോ എന്നു തമിഴ് ഹൈന്ദവ മതഭക്തർ പാടി ഞാൻ കേട്ടിട്ടുണ്ട്.

ജീവനുള്ള ദൈവത്തെ തന്റെ ദൈവമായി സ്വീകരിച്ച ഈ ബിഷപ്പുമാർക്കു ഇവർ ഉപദേശിക്കുന്ന തെറ്റായ നയത്തെ പിന്തുടരുന്ന അച്ചൻമാരും, സഭാപ്രവർത്തകരും ഇവർക്കു ആ പാട്ടു പാടിയ തമിഴ് ഹൈന്ദവ ഭക്തന്റെ വൈരാഗ്യം പോലും ഇല്ലല്ലോ.

ഇപ്രകാരം മദ്രാസ് സി.എസ്.ഐ. ബിഷപ്പ് അവർകളെപ്പറ്റി എഴുതുന്നതുകൊണ്ടു ഇനി മദ്രാസിലും എന്റെ ദൈവവേല വഴി അടഞ്ഞേക്കാം.

എന്നാൽ ഒരു ചെറിയ കൂട്ടം ജനങ്ങൾ എങ്കിലും ഇങ്ങനെയുള്ള നവീന

ഉപദേശങ്ങളാൽ ബാധിക്കപ്പെടാതെ തങ്ങളെ കാത്തുകൊള്ളുകില്ലേ എന്നുള്ള നല്ല ഉദ്ദേശ്യത്തോടെ ഇതെഴുതുന്നു.

ഇന്നുള്ള തിരുസഭകൾ നവീന ഉപദേശങ്ങൾക്കു പിന്നിൽ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രയാണം വിപ്ലവകരമായതും, ആകർഷകമായതും, അനേകർക്കു സഹായം നൽകുന്ന നല്ല പ്രവർത്തനമായി ജനങ്ങൾക്കു തോന്നിയേക്കാം. എന്നാൽ വിലയേറിയ മനുഷ്യാത്മാവു നശിച്ചുപോകും.

കർത്താവു പറയുന്നു **"നിന്റെ വഴികൾ എന്റെ വഴികളല്ല എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല"**.

ഇന്നുള്ള സഭാനേതാക്കളും സഭാഅച്ചന്മാരും പ്രാസംഗികന്മാരും എന്താലോചന നൽകിയാലും, കർത്താവു നമുക്കു നൽകിയ വേദപുസ്തകത്തിൽ വചനാടിസ്ഥാനത്തിൽ ഇവർ പറയുന്ന ആലോചന ഇല്ല എന്നു കണ്ടാൽ തീർച്ചയായും അത് അനുസരിക്കയേ വേണ്ട. സഭയെ വിട്ടു നമ്മെ മാറ്റിയാലും ശരി, നാം വേർപെട്ടവർ. കർത്താവു തനിക്കായി നമ്മെ വേർതിരിച്ചെടുത്തു എന്നു വേദപുസ്തകം പറയുന്നു. "ആത്മാവിനെ കാത്തുസൂക്ഷിക്കാം വേർതിരിക്കപ്പെട്ട ആത്മീയ വഴിയിൽ ജീവിക്കാം. മറ്റു മതക്കാരെ സ്നേഹിക്കാം. അവരെ സഹായിക്കാം" എന്നാൽ അവരിൽ നിന്നു വേർതിരിക്കപ്പെട്ട് ദൈവം ആഗ്രഹിക്കുന്ന വ്യത്യാസമായ വഴിയിൽ ജീവിക്കാം. ഇനിയും കുറച്ചു ദിവസം കൂടെ മാത്രമേ നമുക്കുള്ളു. ഇതാ യേശു വരുന്നു.


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**
SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# മരിച്ചുപോയ ആത്മാക്കളെക്കുറിച്ച് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നതെന്ത്?

ഡബ്ല്യു.സി.സി. എന്ന അഖില ലോകസഭാകൗൺസിൽ കൂട്ടം ആരംഭിക്കുന്നതിനു മുമ്പു വേദവചനത്തിനു വിരോധമായി രണ്ടു സംഭവങ്ങൾ നടന്നു. അവിടെ കൂടിവന്ന ഡബ്ല്യു.സി.സി. അംഗങ്ങളും, സഭാബിഷപ്പുമാരും തങ്ങളേയും ആ തെറ്റിൽ ബന്ധപ്പെടുത്തി അല്ലെങ്കിൽ തങ്ങളെ ചേർത്തുകൊണ്ടു എന്നു 1993 ഫെബ്രുവരി മാസത്തെ റീഡേഴ്സ് ഡൈജസ്റ്റ് എന്ന ഇംഗ്ലീഷ് മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നതിനെപ്പറ്റി കഴിഞ്ഞ ലക്കം ജാമക്കാരനിൽ നിങ്ങൾ വായിച്ചിരിക്കുമല്ലോ.

ഒന്നാമതായി തങ്ങളെ ശുദ്ധീകരിക്കാൻ അതായതു പാപങ്ങൾ കഴുകപ്പെടാൻ അവിടെയുള്ള കാട്ടുജാതിക്കാരുടെ മതസമ്പ്രദായം അനുസരിച്ചു പുകയിൽ പ്രവേശിച്ചു നടന്നത്.

രണ്ടാമതായി മരിച്ചുപോയ ആത്മാക്കളെ എഴുന്നേല്പിച്ചു അവകളോടു ബന്ധപ്പെടുന്നത്. മനുഷ്യപാപങ്ങൾ കഴുകപ്പെടാൻ യേശുവിന്റെ രക്തമല്ലാതെ വേറെ വഴിയേ ഇല്ലെന്നു വേദപുസ്തകം വളരെ വ്യക്തമായി അറിയിക്കുന്നു. **യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു** 1 യോഹ. 1:7. യേശു പറഞ്ഞു : **ഞാൻ തന്നെ വഴിയും ഞാൻ തന്നെ സത്യവും ഞാൻ തന്നെ ജീവനും ആയിരിക്കുന്നു.** അതുപോലെ തന്നെ **ഞാൻ തന്നെ വാതിലായിരിക്കുന്നു** എന്നും അവൻ (യേശു) പറഞ്ഞു. ഈ (യേശു എന്ന) വാതിൽ വഴി പ്രവേശിക്കുന്നവനല്ലാതെ സ്വർഗ്ഗത്തിൽ ആരും പ്രവേശിക്കയില്ലെന്നു വളരെ വ്യക്തമായി കർത്താവു പറഞ്ഞു.

വെറെ ഏതെങ്കിലും മതത്തിൽ കൂടെയോ, പുകയിൽ കൂടെ പ്രവേശിക്കുന്നതു മൂലമോ സ്വർഗ്ഗത്തിൽ പോകാൻ വഴിയില്ലല്ലോ. പിന്നെ എന്തുകൊണ്ടു പുകസംഭവം നടത്തി എല്ലാവരെയും ഈ ഉപദേശത്തിൻ കീഴിൽ ആക്കിവച്ചു.

## മരിച്ചുപോയ ആത്മാവ്

മരിച്ചുപോയ ആത്മാവിനു ക്രിയ ചെയ്യാൻ സാധ്യമല്ല. എന്നാൽ മരിച്ചുപോയ ആത്മാവിന്റെ പേരിൽ പിശാചു പ്രവർത്തിക്കും (ഈ വിഷയത്തെക്കുറിച്ചു പിന്നീടു വിശദീകരിക്കാം). അതുകൊണ്ടാണു മരിച്ചുപോയ

ആത്മാക്കളോടു ബന്ധപ്പെടാൻ പാടില്ല എന്നു കർത്താവു കർശനമായി പറഞ്ഞത്. എന്നാൽ അഖിലലോക സഭാകൗൺസിലിൽ (ഡബ്ല്യു.സി.സി.) ഒരു വൈദികകോളേജിൽ പഠിപ്പിക്കുന്ന ഒരു വേദപണ്ഡിതനും അച്ചനുമായ ഒരാൾ മരിച്ചുപോയ ആത്മാക്കളെ എഴുന്നേല്പിച്ചു അവകളോടു ബന്ധപ്പെട്ടു.

ഇപ്പോൾ വേദപുസ്തകം മുന്നറിയിക്കുന്നതു ശ്രദ്ധിക്കുവിൻ.

**.....വെളിച്ചപ്പാടൻ.... നിങ്ങളുടെ ഇടയിൽ കാണരുത്** (ആവ. 18:11).

Who consults the dead anyone who does these things is detestable to the Lord (Dev. 18.11.12).

**....ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടത്? ജീവനുള്ളവർക്കു വേണ്ടി മരിച്ചവരോടോ ചോദിക്കേണ്ടത്?** (യെശ. 8:19).

Why consuit the dead on behalf of the living?

**....മന്ത്രവാദികളുടെയും അടുക്കൽ പോകരുത്. അവരാൽ അശുദ്ധമായിത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കയും അരുത്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു** (ലേവ്യ. 19:31).

Do not turn to ...... seekout spirists for you will be defined by them I am the Lord Your God.

**ക്ഷുദ്രക്കാരിയെ നീ ജീവനോടെ വെക്കരുത്** (പുറ. 22:18).

മുകളിൽ വായിച്ച വചനങ്ങൾ അനുസരിച്ചു നമ്മുടെ കർത്താവു മരിച്ചുപോയ ആത്മാക്കളോടു ബന്ധപ്പെടുന്നതു എത്രമാത്രം വെറുക്കുന്നു എന്നു കാണാം. എത്രയോ കോപത്തോടെ അങ്ങനെ കല്പിച്ചിരിക്കുന്നു. ഇവകളെ ലംഘിച്ചു അഖിലലോക സഭാകൗൺസിലിൽ മരിച്ചുപോയ ആത്മാക്കളെ എഴുന്നേല്പിച്ചു അവയോടു ബന്ധപ്പെടുകയാണെങ്കിൽ കർത്താവിന്റെ പദ്ധതിയെ, കല്പനയെ ഇവർ മാറ്റാൻ ശ്രമിക്കുന്നു എന്നാണല്ലോ അർത്ഥം. ഇതു എത്രയോ വഞ്ചനയായ കാര്യം. ലോകത്തിലുള്ള എല്ലാ തിരുസഭകളെയും വേദവചനത്തെ അനുസരിക്കാതെയും അതിനു അനുസരണ കാണിക്കാതിരിക്കുന്നതും അന്തിക്രിസ്തുവിന്റെ ഭയങ്കര പദ്ധതിയല്ലേ? പല തിരുസഭാ നേതാക്കന്മാർക്കും ഇതെങ്ങനെ മനസിലാക്കാൻ സാധിക്കാതെ പോയതെന്നുള്ളതു വളരെ ആശ്ചര്യകരമായി തോന്നുന്നു.

ഇതു വായിക്കുന്ന നാമെങ്കിലും ഉണർന്നിരിക്കാം. ജാഗ്രതയായും ഇരിക്കാം.

# മരണവാർത്തകൾ...

സഭാ. പ്ര. 7:2 ൽ പറയുന്നു വിരുന്നു വീട്ടിൽ പോകുന്നതിനെക്കാൾ മരണവീട്ടിൽ പോകുന്നതു നല്ലതു അവിടെ എല്ലാവരുടെയും അവസാനവും കാണാൻ സാധിക്കും. മരിക്കുമ്പോൾ എങ്ങനെ ഉണ്ടായിരുന്നു എന്നല്ല മരണം എങ്ങനെ ഉണ്ടായിരുന്നു എന്നതു പ്രധാനം. ഇയ്യോബു പറയുന്നതു പോലെ ആരംഭം അൽപമായിരുന്നാലും അവസാനം **പൂർണ്ണമായിരിക്കണം.**

## സി.എസ്.ഐ. മോഡറേറ്റർ അവർകളുടെ മരണം

കഴിഞ്ഞ 2023 മെയ്മാസം 7–ാം തീയതി ഈസ്റ്റ് കേരള ഡയോസിസ് ബിഷപ്പും സി.എസ്.ഐ. യുടെ മുൻ മോഡറേറ്ററുമായ മോസ്റ്റ് റവ. കെ. ജെ. സാമുവൽ ചിലകാലം കിടക്കയിൽ കിടന്ന് തന്റെ 84 –ാം വയസ്സിൽ മരിച്ചുപോയി. ഇദ്ദേഹം ബൈബിൾ സൊസൈറ്റി ആക്സിലറി പ്രസിഡന്റായും വേൾഡ്വിഷൻ സ്ഥാപനത്തിലും ചുമതല വഹിച്ച് നടത്തിയിരുന്നു.



ഇദ്ദേഹം അച്ചനായി പ്രവർത്തിച്ചപ്പോഴെ അദ്ദേഹത്തോട് **എനിക്ക് നല്ല പരിചയം** ഉണ്ട്. എന്റെ മേൽ അദ്ദേഹത്തിന് ഒരു ബഹുമാനവും സ്നേഹവും ഉണ്ടായിരുന്നു. മോഡറേറ്റർ അവർകളുടെ താഴ്മ സുവിശേഷ വേലയിലും മിഷണറി പ്രവർത്തനത്തിലും വളരെ ഉത്സാഹം കാട്ടിയത്. അദ്ദേഹത്തിന്റെ മേൽ എനിക്ക് കൂടുതൽ ബഹുമാനവും സന്തോഷവും ഉണ്ടാക്കി.

ഈസ്റ്റ് കേരള ഡയോസിസ് കൺവെൻഷനിൽ (ഇടുക്കി) മേലുകാവ് എന്ന സ്ഥലത്ത് 2 പ്രാവശ്യം ഞാൻ പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടു. മോഡറേറ്റർ അവർകൾ അച്ഛനായിരുന്നപ്പോഴേ അദ്ദേഹത്തെ കൂടുതൽ സ്നേഹിക്കാനും ബഹുമാനിക്കാനും തുടങ്ങി.ഇദ്ദേഹത്തിന്റെ നല്ല പ്രവർത്തിയെ ചില മാസികകളിലും ഡയോസിസ് മാസികയിലും എഴുതിയിരുന്നതും ഞാൻ വായിച്ചു. മേഡറേറ്റർ അവർകളുടെ മരണത്തിൽ ദുഃഖം അനുഭവിക്കുന്ന അദ്ദേഹത്തിന്റെ കുടുംബത്തിനും ഡയോസിസ്സിലെ അച്ചൻമാർക്കും ഡയോസിസിലെ ജനങ്ങൾക്കും ദൈവം ആശ്വാസം നൽകി ബലപ്പെടുത്തുമാറാകട്ടെ

30 വർഷത്തിനു മുൻപേ ഈസ്റ്റ് കേരള ഡയോസിസിലുള്ള പല ഗ്രാമസഭകളിലും ഞാൻ പ്രസംഗിച്ചിട്ടുണ്ട്. അതുകൊണ്ട് ഡയോസിസിലുള്ള വിശ്വാസികൾ എന്നെ കൂടുതൽ സ്നേഹിക്കുന്നു. ഇപ്പോഴും ആ സ്നേഹം മാറിയിട്ടില്ല. എന്റെ ജാമക്കാരൻ മാസിക ഡയോസിസിലുള്ള ധാരാളം പേർക്ക് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു.

ഡോ. പുഷ്പരാജ് എന്ന പേരിൽ ഒരു ദൈവ വേലക്കാരനായി ബിഷപ്പും മോഡറേറ്ററുമായ മോസ്റ്റ് റവ കെ.ജെ. സാമുവേൽ അവർകളുടെ മരണത്തേയും ആരംഭകാല നല്ല പ്രവൃത്തികളെയും പുകഴ്ത്തി ഞാൻ എഴുതി.

## ജാമക്കാരൻ വിമർശനം


ഇപ്പോൾ ജാമക്കാരൻ മാസികയുടെ എഡിററർ എന്ന നിലയിൽ മരിച്ച മോഡറേറ്റർ അവർകളെ പറ്റി സാക്ഷിയില്ലാത്ത ചില വിഷയങ്ങളെ വിമർശനമായി ഇപ്പോഴുളള പുതിയ തലമുറ വായനക്കാർ അറിയാൻ വേണ്ടി അദ്ദേഹത്തിന്റെ സാക്ഷി നഷ്ടപ്പെട്ട ചിലവിഷയങ്ങൾ അറിയിക്കേണ്ടത് ആവശ്യമാകുന്നു. ഈ വിഷയം ഡയോസിസിലുള്ള എല്ലാവർക്കും അറിയാം. എന്നാലും ഞാൻ വിമർശിച്ചു എഴുതുന്നത് പലർക്കും വിഷമം തോന്നും, സഭയിലെ ചില അച്ചൻമാർക്കും മറ്റു ഡയോസിസ് ബിഷപ്പുമാർക്കും ഇപ്പോഴുള്ള ഈസ്റ്റ് കേരള ഡയോസിസ് ബിഷപ്പിനും ഇഷ്ടപ്പെടില്ല എന്ന് ഞാൻ അറിയുന്നു.

ജാമക്കാരന്റെ മുന്നറിയിക്കുന്നതും ആലോചന നൽകുന്നതുമായ വേലയെ ഞാൻ ചെയ്യുന്നു. ലേവ്യ. 5:1 **ഒരുത്തൻ സത്യവാചകം കേട്ടിട്ട് താൻ സാക്ഷിയായി കാണുകയോ അറിയുകയോ ചെയ്തത് അറിയിക്കാതെ അങ്ങനെ പാപം ചെയ്താൽ അവൻ തന്റെ കുറ്റം വഹിക്കണം.**

## സാക്ഷിയില്ലാത്ത സംഭവം

ചില വർഷങ്ങൾക്കു മുമ്പ് മോസ്റ്റ് കെ.ജെ. സാമുവൽ അവർകളുടെ സുഹൃത്തും റേഡിയോ മിനിസ്ട്രിയിൽ **ആത്മീയ യാത്ര** എന്ന നല്ല നല്ല റേഡിയോ പ്രക്ഷേപണം നടത്തിയവരുമായ **സഹോ. കെ.പി. യോഹന്നാൻ** അവർകളെ ബിഷപ്പായി കൈവെപ്പു കൊടുക്കാൻ മോഡറേറ്റർ അവർകൾ തന്റെ ഉയർന്ന പദവിയായ സി.എസ്.ഐ. സഭയുടെ അധികാരത്തെ തെറ്റായി ഉപയോഗിച്ചു. അതു മോഡറേറ്റർ കെ. ജെ. സാമുവൽ അവർകൾക്കും എല്ലാ സി.എസ്.ഐ. ഡയോസിസുകൾക്കും തലകുനിവും അപമാനവും ഉണ്ടാക്കി. ഒരു പൊന്തകോസ്തു സഭ പാസ്റ്ററെ സി.എസ്.ഐ. സഭാ മോഡറേറ്റർ പല കോടി കൈക്കൂലി കൊടുത്ത് കൈവെപ്പു നടത്തുവാൻ ഏർപ്പാടുചെയ്ത ആ പാപം മാറാത്ത മലിനമായി അദ്ദേഹത്തിന്റെ മേൽ ഇരിക്കുന്നു. 5 ബിഷപ്പുമാർ ഒരു അച്ചന്റെ മേൽ കൈവച്ചു അഭിഷേകം ചെയ്താൽ മാത്രമേ അദ്ദേഹത്തെ ഒരു ബിഷപ്പായി അംഗീകരിക്കാൻ സാധിക്കൂ. മോഡറേറ്റർ അവർകൾ സൗത്ത് കേരളാ ഡയോസിസ് ബിഷപ്പും മുൻമോഡറേറ്ററുമായ മോസ്റ്റ് റവ. ഗ്ലാസ്സ്റ്റൺ അവർകൾക്കു 12 കോടി കൊടുക്കാൻ ഏർപ്പാടു ചെയ്തു. അടുത്തത് കന്യാകുമാരി ഡയോസിസ് ബിഷപ്പിന് ഒരു കോടി കൊടുത്തു. വടക്കേ ഇന്ത്യയിലെ രണ്ടു ബിഷപ്പുമാർക്കു 40 ലക്ഷം കൊടുത്തു. കെ. പി യോഹന്നാൻ വരുത്തി. മോഡറേറ്റർ അവർകൾ മറ്റു നാലു ബിഷപ്പുമാരോടുചേർന്നു കെ.പി. യോഹന്നാൻ അവർകളെ ബിഷപ്പാക്കി. ഈ ഏർപ്പാടു ചെയ്ത മേഡറേറ്റർ കെ.ജെ. സാമുവേൽ അവർകൾക്കു എത്ര

കോടികൾ കൊടുത്തിരിക്കും എന്ന് അച്ചൻമാർ വേദനയോടെ സംസാരിച്ചത് ഞാനും കേട്ടു. ഈ കൈവെപ്പു (***Consecration***) രഹസ്യമായി നടത്തിയാലും താൻ ബിഷപ്പായുള്ള പബ്ലിസിറ്റി കൊടുക്കണം എന്നുള്ള നിയമം അനുസരിച്ചു മനോരമ പത്രക്കാരെ മാത്രം ക്ഷണിച്ചിരുന്നു. പത്രത്തിൽ കൈവെപ്പ്, മോഡറേറ്ററുടെ വടി പിടിച്ചുകൊണ്ട് അഞ്ചു ബിഷപ്പുമാർ കൈവെയ്ക്കുന്നത് കണ്ടപ്പോൾ ജനങ്ങൾ ഞെട്ടിപ്പോയി. മനോരമ റ്റി.വി. ചാനലിലും, മിന്നൽ എന്ന് വിളിക്കുന്ന റ്റി.വി. പരിപാടിയിലും മറ്റു പത്രങ്ങളിലും പരസ്യപ്പെടുത്തിയതു കേരളത്തിലുള്ളവർ മാത്രമല്ല സി.എസ്.ഐ. യുടെ 24 ഡയോസിസിലും അറിഞ്ഞു. മനോരമ പത്രത്തിൽ അഭിമുഖ സംഭാഷണം നടത്തി. മോഡറേറ്റർ അവർകളുടെ പ്രവൃത്തി നിയമ ലംഘനമാണ്. ഇതിനുവേണ്ടി മോഡറേറ്റർ കെ. ജെ. സാമുവേൽ അവർകൾ പദവി രാജിവയ്ക്കണം എന്നു നിർബന്ധിച്ചു. ഇതിന് കാരണമായി വടക്കൻ കേരളാ ബിഷപ്പ് റൈറ്റ് റവ. ജോർജ്ജ് ഐസക് തന്റെ പദവി രാജിവച്ചു. നിയമലംഘനം നടത്തിയ മോഡറേറ്റർ കെ.ജെ. സാമുവേൽ രാജി വെക്കണം അല്ലെങ്കിൽ 24 ഡയോസിസിനോടും മാപ്പു ചോദിക്കണം. വടക്കൻ കേള ഡയോസിസ് അച്ചന്മാരും ജനങ്ങളും വളരെ വിഷമത്തിൽ, മോഡറേറ്റർ കെ.ജെ സാമുവേൽ അവർകൾ ചെയ്ത തെറ്റിന് നിങ്ങൾ എന്തിന് രാജി വെയ്ക്കണം, രാജി പിൻവലിക്കണം എന്ന് നിർബന്ധിച്ചു. തെക്കോട്ടുള്ള സി.എസ്.ഐ. സഭ മുഴുവനും വളരെ ദേഷ്യത്തോടെ ഇതിന്റെ അവസാനം എന്താകുമോ എന്ന് കാത്തിരിക്കുന്നു. പക്ഷെ മോഡറേറ്റർ അവർകൾ തന്റെ മരണംവരെ ഈ തെറ്റായ പ്രവൃത്തിക്കു മാപ്പു ചോദിച്ചില്ല. അതിനെക്കുറിച്ചു ദുഃഖിച്ചിട്ടും ഇല്ല. അതുപോലെ തന്നെ മോഡറേറ്റർ അവർകൾ മരിച്ചുപോയി.



**Mr. K.P. Yoganandan**

## ഇപ്പോൾ ബിഷപ്പ് കെ.പി. യോഹന്നാന്റെ സ്ഥിതി

പല കോടികൾ കൈക്കൂലി കൊടുത്തു ബിഷപ്പ് പട്ടം വാങ്ങിയ കെ.പി. യോഹന്നാൻ ഉപദേശ കുഴപ്പത്തിലായി. കൈവെപ്പു നടത്തുമ്പോൾ സി.എസ്.ഐ. ഓഡർ ഓഫ് സർവ്വീസ് പ്രകാരം സത്യപ്രതിജ്ഞ ചെയ്തു. സി.എസ്.ഐ. കോൺസ്റ്റിറ്റ്യൂഷൻ പ്രകാരം ഞാൻ മരണംവരെ സി.എസ്.ഐ. ഉപദേശത്തെ കൈക്കൊള്ളും. എന്ന് ബൈബിളിൽ കൈവച്ച് സത്യം ചെയ്തു. ആ സത്യപ്രതിജ്ഞയെ കെ.പി. യോഹന്നാൻ അവർകൾ ലംഘിച്ചു. സി.എസ്.ഐ. സഭാക്കാരനായിട്ടും മാറിയില്ല പഴയ പൊന്തക്കോസ്ത് സഭാഉപദേശവും കൈക്കൊള്ളാതെ കത്തോലിക്ക സഭാ ഉപദേശത്തിന് തുല്യമായ ഓർത്തഡോക്സ് സഭ ഉപദേശം കൈക്കൊണ്ട് ഓർത്തഡോക്സ് ബിഷപ്പിന്റെ കുപ്പായം ഇട്ട് തൊപ്പിയും വച്ച്

ഇടയന്റെ വടിയും കൈയിൽ പിടിച്ചുകൊണ്ട് ധൂപകുറ്റിയും കൈയിൽ പിടിച്ച് ആരാധന നടത്തുന്ന ഇദ്ദേഹത്തിന്റെ ഈ മാറ്റം കണ്ട് ഇദ്ദേഹം ആരംഭിച്ച 6000 സഭകളും കഷ്ണം കഷ്ണമായി തകർന്നുപോയി.

ദൈവശിക്ഷ ഉടനെ ഇദ്ദേഹത്തിന്റെ മേൽ ഉണ്ടായി. ഇദ്ദേഹം ഉണ്ടാക്കിയ ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിന് മുമ്പിൽ നിർത്തിയിരുന്ന പഴയ കാറിൽ 127 കോടികൾ ഒളിച്ചുവെച്ചിരുന്നത് ഇൻകം ടാക്സ് റെയിഡിൽ കണ്ടുപിടിച്ചു. ഇദ്ദേഹം കോട്ടയത്തു വാങ്ങിയ 4000 ഏക്കർ ഭൂമിയിൽ ഒരു ഭാഗം ഗവൺമെന്റ് വിമാനത്താവളത്തിന് ഏറ്റെടുത്തു. ആശുപത്രി നന്നായി നടക്കുന്നു മകൻ അതിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നു. ആശുപത്രിക്ക് നല്ല പേരുണ്ട്. പക്ഷെ ഇൻകം ടാക്സുകാർ എല്ലാ ബാങ്ക് അക്കൗണ്ടുകളും മുടക്കി. പാസ്റ്റർമാർക്ക് ശമ്പളം കൊടുക്കാൻ കഴിയാതെ അദ്ദേഹത്തിന്റെ ബുക്ക് സ്റ്റാൾ, സഭകൾ, സെമിനാരി, ബൈബിൾ കോളേജ് ഇതിലുള്ളവർക്കെല്ലാം ശമ്പളം കൊടുക്കാൻ കഴിയാതെ പോയതായി അറിഞ്ഞു.


കെ.പി. യോഹന്നാൻ അവർകൾ വിദേശത്തു എവിടെയും പോകാതിരിക്കാൻ പാസ്സപോർട്ട് തടഞ്ഞു. വലിയ മാനസിക വിഷമത്തിലായി. കെ.പി. യോഹന്നാൻ വീട്ടിൽ നിന്ന് പുറത്തെവിടെയും പോകുന്നില്ല. അദ്ദേഹത്തിനെ ഏതുപള്ളിയിലും ആരും പ്രസംഗിക്കാൻ ക്ഷണിക്കുന്നുമില്ല. മരിച്ച മോഡറേറ്റർ കെ.ജെ. സാമുവേൽ അവർകളും കെ.പി. യോഹന്നാൻ അവർകളും ബാല്യപ്രായത്തിൽ നിന്ന് വളരെ ഞെരുങ്ങിയ സ്നേഹിതരാണ്. പക്ഷെ അവസാനം സാക്ഷി നഷ്ടപ്പെട്ടുപോയി. കെ.പി. യോഹന്നാൻ അവർകളുടെ പ്രസംഗം കേട്ടു രക്ഷിക്കപ്പെട്ടവർ ലക്ഷക്കണക്കിനാണ്. കെ.പി. യോഹന്നാന്റെ അത്മീയയാത്ര പ്രസംഗം കേട്ട് കുടി നിർത്തിയ ധാരാളംപേരെ ഞാൻ തന്നെ നേരിട്ട് അറിയുന്നു.

ഇവരുടെ അവസാനകാലജീവിതം എല്ലാ ബിഷപ്പുമാർക്കും അച്ചൻമാർക്കും, മോഡറേറ്റർക്കും ഒരു പാഠമായിരിക്കട്ടെ. പൗലോസ് പറയുന്നതുപോലെ ആത്മാവിൽ ആരംഭിച്ച് ജഡത്തിൽ അവസാനിപ്പിക്കുന്ന മോഡറേറ്റർ കെ.ജെ. സാമുവേൽ അവർകളുടെയും കെ.പി. യോഹന്നാൻ അവർകളുടേയും ആരംഭകാലജീവിതം നല്ല ആത്മീയജീവിതമായിരുന്നു. പക്ഷെ അവസാനകാലത്ത് സാക്ഷി നഷ്ടപ്പെട്ടുപോയി.

കൈക്കൂലി വാങ്ങിയത് സത്യമോ അല്ലയോ എന്നറിയാൻ ജാമക്കാരന്റെ ചിട്ടപ്രകാരം ഓരോ ബിഷപ്പിനെയും നേരിട്ടു കണ്ടു സംസാരിച്ചശേഷമാണ് ദു:ഖത്തോടെ പരസ്യപ്പെടുത്തിയത്. കേരളത്തിൽ കൈക്കൂലിവാങ്ങിയ ബിഷപ്പുമാർക്കും മോഡറേറ്റർക്കും ഡയോസിസ് ശിക്ഷ കൊടുത്തില്ല. ശിക്ഷ കൊടുക്കേണ്ടവർ തന്നെ കൈക്കൂലിയിൽ അകപ്പെട്ടു അതുകൊണ്ട് അവർ തന്റെ വീറ്റോപവർ കൊണ്ട് ആർക്കും ശിക്ഷ കൊടുത്തില്ല. പക്ഷെ വക്കേ ഇന്ത്യ (**CNI**)യിൽ നിന്നു കൈക്കൂലി വാങ്ങിയ രണ്ടു ബിഷപ്പുമാർക്കും

ശകാരം കൊടുത്ത് ബിഷപ്പ് പദവിയിൽ നിന്ന് ഇറക്കി. ക്രിസ്ത്യാനികളുടെ സാക്ഷിയില്ലാത്ത ജീവിതം തന്നെ സുവിശേഷം അറിയിക്കാൻ വലിയ തടസ്സമായിരിക്കുന്നു.

സൗത്ത് കേരള ഡയോസിസിന്റെ ഇപ്പോഴത്തെ ബിഷപ്പിന് മോഡറേറ്റർ പദവി നഷ്ടമായിട്ടും കോടികണക്കിന് പിഴ അടയ്ക്കേണ്ടിവന്നു. ഇപ്പോൾ അദ്ദേഹം സുപ്രീംകോർട്ടിലേക്കും കേരളത്തിലേക്കും പോയിവന്നു കൊണ്ടിരിക്കുന്നു. മെഡിക്കൽ കോളേജിലും ഡയോസിസിലും വെട്ടിപ്പുനടത്തിയ കോടികൾ സുപ്രീം കോടതി വക്കീൽമാർക്ക് കൊടുത്തു കൊണ്ടിരിക്കുന്നു. സുപ്രീം കോടതിയിൽ വക്കീലിന് ഒരു കേസ് വാദിക്കാൻ ഒരു മണിക്കൂറിന് 10 ലക്ഷം കൊടുക്കണം. വെട്ടിപ്പു നടത്തിയ പണമെല്ലാം വക്കീൽമാർക്കും കോടതിക്കും ചെലവാക്കിക്കൊണ്ടിരിക്കുന്നു. ദൈവം തന്നെ നമ്മുടെ സി.എസ്.ഐ. സഭയെ ഉണർത്തി രക്ഷപ്പെടുത്തണം.



**Most Rev.**
**K.P. Yogananan**

യേശുക്രിസ്തു വേദപുസ്തകരത്തിൽ 2 സ്ഥലത്ത് കണ്ണുനീർ വാർത്തു എന്ന് എഴുതിയിരിക്കുന്നു. ഒന്ന് ലാസറിന്റെ കല്ലറയിൽ രണ്ട് കാൽവരിയിൽ പോകുന്നതിന് മുൻപ്. യരുശലേമിനെ നോക്കി കണ്ണുനീർ ഒഴുക്കി. യരുശലേമേ യരുശലേമേ എത്ര പ്രാവശ്യം ഞാൻ നിന്നെ ചേർത്തു കൊൾവാൻ കൈനീട്ടി. കോഴി തന്റെ കുഞ്ഞുങ്ങളെ അണക്കുംപോലെ എത്ര പ്രാവശ്യം വിളിച്ചു. പിശാച് നിന്റെ കണ്ണുകളെ അടച്ചിരിക്കുന്നു എന്ന് പറഞ്ഞ് കണ്ണുനീർ വിട്ടു.

എന്റെ ദൈവ വേലയിൽ 53 വർഷങ്ങളായി സി.എസ്.ഐ. സഭയ്ക്കും മാർത്തോമ സഭയ്ക്കുമാണ് കൂടുതൽ പ്രസംഗം നടത്തിയത്. എന്റെ ഈ 84–ാം വയസ്സിൽ സഭകളിൽ ഒരു മാറ്റവും ലഭിക്കാതെ പണവെട്ടിപ്പുകളും പാപങ്ങളും വർദ്ധിച്ചുകൊണ്ടുപോകുന്നു. എല്ലാവർക്കും പദവി വേണം. ഡയോസിസ് കോൺട്രാക്ട് മൂലം ഡയോസിസ് പണം കൊളളയടിക്കാൻ കൊതി ജാഗ്രത. എല്ലാ ഡയോസിസ് ബിഷപ്പുമാർക്കും മോഡറേറ്റർമാർക്കും ഞാൻ അറിയിക്കാൻ അഗ്രഹിക്കുന്നത് യേശുക്രിസ്തുവിന്റെ വരവും മരണവും വളരെ അടുത്തു. രണ്ടാം വരവ് അടുത്തു എന്നാണ് പ്രസംഗിക്കുന്നത്. എന്നാൽ ഇപ്പോൾ അവൻ വാതിൽക്കൽ നിൽക്കുന്നു. വാതിൽക്കൽ മുട്ടിക്കൊണ്ടിരിക്കുന്നു. വാതിൽ തുറക്കുന്നത് നിന്റെ കൈയിലാണ്. വാതിൽ തടയുന്നത് ബിഷപ്പുമാരും മോഡറേറ്റർമാരുമാണ്. അവരും ഉള്ളിൽ പോകുന്നില്ല. മറ്റുള്ളവരെ ഉള്ളിൽ പോകാൻ അനുവദിക്കുന്നുമില്ല. മനോവിഷമത്തോടെ ഈ ലേഖനം അവസാനിപ്പിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കമാറാകട്ടെ.

# അന്യഭാഷയെ

മാർച്ചു മാസം തുടങ്ങി വർഷങ്ങളായി അറിയിച്ചു കൊണ്ടിരിക്കുന്ന അന്യഭാഷയെക്കുറിച്ചുള്ള വാർത്തകൾ തുടർന്നു പരസ്യപ്പെടുത്തും എന്നുള്ള സന്തോഷവാർത്ത അറിയിച്ചുകൊള്ളുന്നു.

JANUARY - 2024

Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India** - **Rs.60/**
**Foreign** - **Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.